(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക

155. [425] ശ്രീ. എം. ജിനദേവൻ :
,, ടി. കെ. അബ്ദു :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, സി. ടി. കൃഷ്ണൻ :
,, എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ജൂലൈ 31-ാംതീയതിവരെ പൊതുമരാമത്ത് പണി നടത്തിയ ഇനത്തിൽ കോൺട്രാക്ടർമാർക്ക് എന്ത് തുക നൽകാനുണ്ട് ;

(ബി) കോൺട്രാക്ടർമാർക്ക് പണം കിട്ടാത്തതുമൂലം സംസ്ഥാനത്തെ പൊതുമരാമത്ത് പണി സ്തംഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 1985 ജൂലൈ 31-ാം തീയതിവരെ മൊത്തം 34 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു.

(ബി) ഇക്കാരണത്താൽ പണികൾക്ക് സ്തംഭനാവസ്ഥ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചുങ്കം പിരിക്കുന്ന പാലങ്ങൾ

156. [427] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള എത്ര പാലങ്ങൾക്ക് ചുങ്കം പിരിച്ചുവരുന്നുണ്ട് ;

(ബി) ആ പാലങ്ങളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ;

(സി) എല്ലാ പാലങ്ങളിൽനിന്നുംകൂടി 1985 മാർച്ച് 31 വരെ ആകെ എത്ര രൂപ ചുങ്കംപിരിച്ച ഇനത്തിൽ വരവുണ്ടായി എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഓരോ പാലത്തിൽനിന്നും 1985 മാർച്ച് 31 വരെ പിരിഞ്ഞുകിട്ടിയ ചുങ്കം എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നാഷണൽ ഹൈവേ വിഭാഗത്തിൽ രണ്ടും, ബി. ആൻഡ് ആർ. വിഭാഗത്തിൽ ആറും ഉൾപ്പെടെ എട്ടു പാലങ്ങളിൽനിന്നും ചുങ്കം പിരിച്ചുവരുന്നു.

(ബി) പാലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി വെച്ചിട്ടുണ്ട് †

(സി) 1,25,76,069.50 രൂപ.

(ഡി) വിവരങ്ങൾ അനുബന്ധമായി വെച്ചിട്ടുള്ള ലിസ്റ്റിൽ ചേർത്തിട്ടുണ്ട്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly